No. 19/Camp/DGP&CS/2016
**ജയിൽആസ്ഥാന കാര്യാലയം,**
**തിരുവനന്തപുരം,**
**തീയതി: 13/05/2016**

**സർക്കുലർ നമ്പർ 38/2016**

താഴെ പറയുന്ന കാര്യങ്ങൾ എല്ലാ ഉദ്യോഗസ്ഥരും/ജനങ്ങളും അവരുടെ ജീവിതത്തിൽ (സ്ഥാപനങ്ങളിൽ/വീടുകളിൽ) പ്രാവർത്തികമാക്കിയാൽ ജലം ഒരു പരിധി വരെ ഭാവിയിലേയ്ക്ക് കരുതാവുന്നതാണ്.

സെൻട്രൽ ഗവൺമെൻറ് വാട്ടർ കമ്മിറ്റിയുടെ കണക്ക് പ്രകാരം ജലത്തിൻെറ ഉപയോഗം താഴെ വിവരിക്കുന്ന പ്രകാരമാണ്.

- നാം കുളിക്കുന്നത് ഷവർ ഉപയോഗിച്ചാണെങ്കിൽ 100 ലിറ്റർ വെള്ളം ചെലവാകുന്നു. പക്ഷെ ബക്കറ്റ് ഉപയോഗിച്ചാണെങ്കിൽ 18 ലിറ്റർ വെള്ളം മാത്രമേ ചെലവാകുകയുള്ളു. ഇതു വഴി 82 ലിറ്റർ വെള്ളം ലാഭിക്കുവാൻ സാധിക്കുന്നു.
- ടോയ്ലറ്റ് ഉപയോഗിക്കുന്നത് ഫ്ലഷ് ചെയ്താണെങ്കിൽ 20 ലിറ്ററും, പകരം ബക്കറ്റ് ഉപയോഗിച്ചാണെങ്കിൽ വെറും 6 ലിറ്റർ വെള്ളവുമാണ് ഉപയോഗിക്കുന്നത്. അങ്ങനെ 14 ലിറ്റർ ലാഭിക്കാം.
- തുണി കഴുകുന്നത് ടാപ്പ് തുറന്നിട്ടാണെങ്കിൽ 116 ലിറ്ററും, ബക്കറ്റ് ഉപയോഗിച്ചാണെങ്കിൽ 36 ലിറ്ററും ചെലവാകുന്നു. ലാഭം 80 ലിറ്റർ.
- പൈപ്പ് തുറന്നിട്ട് ഷേവ് ചെയ്യുമ്പോൾ 5 ലിറ്ററും മഗ് (mug) ഉപയോഗിച്ചാണെങ്കിൽ 0.5 (അര) ലിറ്ററും വെള്ളം മാത്രമേ ചെലവാകു കയുള്ളു. ലാഭം 4.5 ലിറ്റർ.
- പൈപ്പ് തുറന്നിട്ട് പല്ല് തേയ്ക്കുമ്പോൾ 5 ലിറ്റർ വെള്ളവും, പൈപ്പ് അടച്ചിട്ട് ആവശ്യത്തിന് മാത്രം ഉപയോഗിച്ചാൽ 0.75 (മുക്കാൽ) ലിറ്റർ മാത്രമേ ഉപയോഗിക്കു. ലാഭം 4.25 ലിറ്റർ.
- കാർ കഴുകുന്നത് ടാപ്പ് തുറന്നിട്ട് ആണെങ്കിൽ 100 ലിറ്ററും, അതേസമയം ഒരു ബക്കറ്റിൽ വെള്ളം നിറച്ചാണെങ്കിൽ 2-3 കാറുകൾ വരെ വൃത്തിയാക്കുവാൻ 18 ലിറ്റർ വെള്ളം കൊണ്ട് സാധിക്കും.
- ചെടിചട്ടികളിൽ വെള്ളം നനയ്ക്കുന്നത് ടാപ്പ് തുറന്നിട്ടാണെങ്കിൽ 50 ലിറ്ററും, ബക്കറ്റ് ഉപയോഗിച്ചാൽ 10 ലിറ്റർ വെള്ളം മാത്രമേ ചെലവാകുകയുള്ളു. ലാഭം 40 ലിറ്റർ.
- പൂന്തോട്ടം നനയ്ക്കുന്നത് ടാപ്പ് തുറന്നിട്ടാണെങ്കിൽ 100 ലിറ്ററും സ്പ്രിംഗ്ളർ സംവിധാനം ഉപയോഗിച്ചാണെങ്കിൽ 25-30 ലിറ്റർ വരെ ആക്കി ഉപയോഗം ചുരുക്കുവാൻ സാധിക്കും.

താഴെ പറയുന്ന കാര്യങ്ങൾകൂടി നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്നതാണ്.

- കാർ ദിവസവും കഴുകുന്നതിനു പകരം ആഴ്ചയിൽ രണ്ടു ദിവസമാക്കിയാൽ വെള്ളം ലാഭിക്കുവാൻ സാധിക്കും.
- എല്ലാ വീടുകളിലും മഴവെള്ള സംഭരണികളും സ്ഥല സൗകര്യമുള്ള വീടുകളിൽ മഴ കുഴികളും സ്ഥാപിച്ചാൽ ഒരു പരിധി വരെ ജലം സംഭരിച്ചുവയ്ക്കുവാൻ കഴിയുന്നതാണ്.
- വീടുകളുടെ മുറ്റത്ത് ടൈൽസ് പാകുന്നത് ഒഴിവാക്കിയാൽ മഴവെള്ളം മണ്ണിൽ തന്നെ താഴുകയും പരിസരങ്ങളിലെ കിണറിലും കുളത്തിലും കൂടുതൽ ജലം സംഭരിക്കപ്പെടുകയും ചെയ്യും.
- എ.സി. യിൽ നിന്നു വരുന്ന വെള്ളം ചെടികൾക്കും വാഷിംഗ് മെഷീനിൽ ഉപയോഗിച്ച ശേഷം പുറത്തേയ്ക്കു വിടുന്ന വെള്ളം കൃഷി ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

**വെള്ളം മിതമായി ഉപയോഗിക്കുവാൻ എല്ലാവരും ശ്രദ്ധിച്ചാൽ ജലദൗർലഭ്യം പരിഹരിക്കാൻ സഹായകമാണ്.** അങ്ങനെ ചെറിയ ചെറിയ മാറ്റങ്ങളിലൂടെ ഓരോ കുടുംബത്തിനും/ സ്ഥാപനങ്ങൾക്കും കുറഞ്ഞത് ഒരു ദിവസം 300 ലിറ്റർ വരെ വെള്ളം ലാഭിക്കുവാൻ കഴിയും.

എല്ലാ ജയിൽ ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.

**ഋഷി രാജ് സിംഗ് ഐ.പി.എസ്.**
**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്& കറക്ഷണൽ സർവ്വീസ്സസ്.**

എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും, ഉദ്യോഗ്സ്ഥൻമാർക്കും